# CAREER Updates

# പത്രവൃത്താന്തം

**14.09.2024 (ശനി)**



- ⇨ ആൻ്റമാൻ നിക്കോബാർ ദ്വീപ സമൂഹത്തിന്റെ തലസ്ഥാനമായ പോർട്ട് ബ്ലെയറിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയ പുതിയ പേര്
- ✔ ശ്രീ വിജയപുരം
- ഈസ്റ്റ് ഇന്ത്യ കമ്പനി നാവിക ഉദ്യോഗസ്ഥനായ ക്യാപ്റ്റൻ ആർക്കിബാൾഡ് ബ്ലെയറിന്റെ ഓർമ്മയ്ക്കായാണ് ആൻ്റമാൻ നിക്കോബാർ ദ്വീപസമൂഹത്തിന്റെ തലസ്ഥാനത്തിന് പോർട്ട് ബ്ലെയർ എന്ന പേര് നൽകിയിരുന്നത്. കൊളോണിയൽ മുദ്രകളിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുന്നതിന്റെ ഭാഗമായാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പോർട്ട് ബ്ലെയറിന് പുതിയ പേര് നൽകിയത്.
- ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ പോരാട്ടങ്ങളുടെ വിജയത്തിന്റെ പ്രതീകമായാണ് പോർട്ട് ബ്ലെയറിന് ശ്രീ വിജയപുരം എന്ന പേര് നൽകിയത്.

- ⇨ 2024-ലെ ജെ.സി.ബി. സാഹിത്യ പുരസ്കാരത്തിനുള്ള പത്ത് പുസ്തകങ്ങളുടെ ലോംഗ് ലിസ്റ്റിൽ ഇടംപിടിച്ച മലയാള നോവൽ
- ✔ മരിയ ജസ്റ്റ് മരിയ
- സന്ധ്യ മേരി ആണ് 'മരിയ ജസ്റ്റ് മരിയ' എന്ന നോവലിന്റെ രചയിതാവ്. ജയശ്രീ കളത്തിലാണ് ഈ നോവൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്.

CAREER GUIDANCE BUREAU

- ⇨ 2024-ലെ ഓസ്കാറിനുള്ള ഫ്രഞ്ച് എൻട്രികളുടെ ചുരുക്കപ്പട്ടികയിൽ ഇടംനേടിയ മലയാളം-ഹിന്ദി ചിത്രം
- ✔ ഓൾ വീ ഇമാജിൻ അസ് ലൈറ്റ്
- പായൽ കപാഡിയ സംവിധാനം ചെയ്ത് മലയാളി നടിമാരായ കനി കുസൃതിയും ദിവ്യപ്രഭയും മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിച്ച 'ഓൾ വീ ഇമാജിൻ അസ് ലൈറ്റ്' എന്ന ചിത്രം കാൻ ചലച്ചിത്ര മേളയിൽ ഗ്രാൻ പ്രീ പുരസ്കാരം നേടിയിരുന്നു.
- ⇨ കേരളസർക്കാരിന്റെ പരമോന്നത ദൃശ്യ മാധ്യമ പുരസ്കാരമായ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരത്തിന് 2024 സെപ്തംബറിൽ അർഹനായത്
- ✔ ബൈജു ചന്ദ്രൻ
- ⇨ ചാരവൃത്തി ആരോപിച്ച് 2024 സെപ്തംബറിൽ ആറ് ബ്രിട്ടീഷ് നയതന്ത്രജ്ഞരെ പുറത്താക്കിയ രാജ്യം
- ✔ റഷ്യ
- ⇨ സമയനഷ്ടം ഒഴിവാക്കൽ, കൃത്യനിഷ്ഠ എന്നിവ ലക്ഷ്യമിട്ട് സർവകലാശാല കളിലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിന് നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്താൻ തീരുമാനിച്ച ഇന്ത്യൻ സംസ്ഥാനം
- ✔ തമിഴ്നാട്
- ⇨ ദേശീയ ഹിന്ദി ദിവസ് ആയി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 14
- ⇨ എമ്മി അവാർഡ്സിൽ അവതാരകനാകുന്ന ആദ്യത്തെ ഇന്ത്യക്കാരൻ
- ✔ വീർ ദാസ്

**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999